# സമഗ്ര വിദ്യാലയ വികസന രേഖ

# ACADEMIC MASTER PLAN

## GHS ANCHACHAVADI




**ജി.എച്ച്.എസ്. അഞ്ചച്ചവടി**

അഞ്ചച്ചവടി പി.ഒ.-676525.

വണ്ടൂർ വിദ്യാഭ്യാസ ജില്ല, മലപ്പുറം ജില്ല.

Scanned with OKEN Scanner

## ആമുഖം

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ചക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. ഓരോ കുട്ടിയുടേയും അറിവും കഴിവും അതത് പ്രായഘട്ടത്തിനനുസരിച്ച് കരിക്കുലം വിഭാവനം ചെയ്തപ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കാനാകും.

അക്കാദമിമായി ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ വേണ്ടി നടത്തപ്പെടുന്ന കൃത്യമായ ആസൂത്രണമാണ് മാസ്റ്റർ പ്ലാൻ. ഇത്തരം ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ.

പ്രദേശത്തെ ജനാധിപത്യ സമൂഹം പ്രതീക്ഷിക്കുന്ന മൂല്യങ്ങളും നിലപാടുകളും അറിവിന്റെ പ്രയോഗ ശേഷിയും പ്രതികരണ ശേഷിയും പെരുമാറ്റ രീതികളുമെല്ലാം കുട്ടികൾ കൈവരിക്കേണ്ടതുണ്ട്. ഇതിനായി വിദ്യാലയത്തെ ഒരു സാമൂഹ്യ സ്ഥാപനമായി മാറ്റേണ്ടതുണ്ട്. ഇങ്ങനെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും മാനസികവും ബുദ്ധിപരവും മനശ്ചാലകവുമായ എല്ലാ കഴിവുകളും വികസിപ്പിച്ച് അക്കാദമിക് വളർച്ചക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രവും ശാസ്ത്രീയവും സന്തുലിതവുമായ രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ.

അക്കാദമിക് മാസ്റ്റർ പ്ലാൻ പരമാവധി യാഥാർത്ഥ്യങ്ങളും സ്ഥാപന പരിമിതികളും ഉൾകൊണ്ടുകൊണ്ട് തയ്യാറാക്കിയതാണ്. പൊതുസമൂഹത്തിന് പ്രതീക്ഷയുണർത്തുന്നതും പ്രചോദനാത്മകവും ആക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. വസ്തുനിഷ്ഠയാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ടാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. ഹ്രസ്വ, മധ്യ, ദീർഘ കാലയളവിലെ പ്രവർത്തന പദ്ധതികൾ ഇതിൽ അടങ്ങിയിട്ടുണ്ട്. ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഒരു അന്തിമ രേഖയല്ല. ഭാവിയിൽ ഉയർന്നുവരുന്ന അക്കാദമിക ആവശ്യകതയുടെ അടിസ്ഥാനതതിൽ നവീകരിക്കപ്പെടുന്നതും ശാസ്ത്രീയമാക്കപ്പെടുന്നതും ആയ രേഖയാണിത്.

അനന്യമായ വിദ്യാഭ്യാസ മാതൃകകൾ സൃഷ്ടിക്കുന്നതിനുള്ള ഉപാധിയാണ് മാസ്റ്റർ പ്ലാൻ. ഒരോ വിദ്യാർത്ഥിയുടേയും കഴിവുകളെ അതിന്റെ പാരമ്യതയിലെത്തിക്കാൻ ഇതിലൂടെ കഴിയും. നൂതനവും വ്യത്യസ്തവും സർഗാത്മകവുമായ വഴികളിലൂടെ സഞ്ചരിക്കാൻ ഇതിലൂടെ സാധിക്കും. അങ്ങിനെ ക്രിയാത്മകവും ഗുണമേൻമയിലൂന്നിയതുമായ പ്രവർത്തന പഥത്തിലൂടെ സ്ഥാപനത്തെ ഉന്നതിയിലെത്തിക്കുന്നതിനായി അഞ്ചച്ചവടി ഗവൺമെന്റ് ഹൈസ്കൂൾ സ്കൂൾ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്വാഭിമാനം സവിനയം പൊതുസമൂഹത്തിനു മുന്നിൽ സമർപ്പിക്കുന്നു.

Scanned with OKEN Scanner

## ലക്ഷ്യങ്ങൾ

1) വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കുക.
2) സർഗാത്മക കഴിവുകൾ വികസിപ്പിക്കാനുതകുന്ന തരത്തിൽ ക്ലാസ് മുറികളെ പരിവർത്തിപ്പിക്കുക
3) അക്കാദമിക് രംഗത്ത് ഗവേഷണാത്മകമായി ഇടപെടുക.
4) വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക
5) വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വതന്ത്രവും, ശിശു സൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കുക.
6) വിദ്യാലയത്തിന്റെ ഫലപ്രദമായ ഭൗതിക സാഹചര്യങ്ങൾ, മാനുഷിക വിഭവശേഷി, സമ്പത്ത്, വിവധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ കണ്ടെത്തുക.
7) വിദ്യാർത്ഥികളുടെ ആരോഗ്യം ഉറപ്പുവരുത്താൻ ശുചിത്വ ശീലങ്ങളും പോഷക സമൃദ്ധമായ ഭക്ഷണവും വിദ്യാലയാന്തരീക്ഷവും പ്രദാനം ചെയ്യുക.
8) വിദ്യാർത്ഥികളുടെ സമഗ്രവും ശാസ്ത്രീയവും സന്തുലിതവുമായ വളർച്ചക്കും വികാസത്തിനും അനുയോജ്യമായ പാഠ്യ, പാഠ്യേതര ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും പദ്ധതികളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുക.
9) ഹരിതവും നിർമലവും മനുഷ്യത്വപൂർണ്ണവുമായ വിദ്യാലയം യാഥാർത്ഥ്യമാക്കുക.
10) അനുയോജ്യവും ആകർഷകവുമായ ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക
11) വിദ്യാലയത്തെ ഒരു സമൂഹ സ്ഥാപനമായി മാറ്റുക

Scanned with OKEN Scanner

# പൊതു വിവരങ്ങൾ

| | |
|---|---|
| വിലാസം | : ജി.എച്ച്.എസ് അഞ്ചച്ചവടി<br>അഞ്ചച്ചവടി പി.ഒ, 676525 |
| സ്ഥാപിതം | : 01-06-1922 |
| ഫോൺ | : 04931 257009 |
| ഇമെയിൽ | :ghsanchachavadi@gmail.com |
| സ്കൂൾ കോഡ് | : 48549 (സമേതം) |
| എച്ച്.എസ്.എസ് കോഡ് | : 48143 |
| യുഡൈസ് കോഡ് | : 32050300804 |
| വിക്കിഡാറ്റ | : 064566623 |
| വിദ്യാഭ്യാസ ഭരണ സംവിധാനം | : |
| റവന്യൂ ജില്ലാ | : മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | : വണ്ടൂർ |
| ഉപജില്ല | : വണ്ടൂർ |
| ലോകസഭാമണ്ഡലം | : വയനാട് |
| നിയമസഭാമണ്ഡലം | : വണ്ടൂർ |
| താലൂക്ക് | : നിലമ്പൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : കാളികാവ് |
| തദ്ദേശസ്വയംഭരണസ്ഥാപനം(പഞ്ചായത്ത്) | : കാളികാവ് |
| വാർഡ് | : 2 |
| സ്കൂൾ ഭരണ വിഭാഗം | : സർക്കാർ സ്കൂൾ |
| പഠനവിഭാഗങ്ങൾ | : എൽ.പി<br>യു.പി<br>ഹൈസ്കൂൾ<br>(1 മുതൽ 10 വരെ) |
| മാധ്യമം | : മലയാളം, ഇംഗ്ലീഷ് |
| സ്ഥിതി വിവരകണക്ക് | : ആൺകുട്ടികൾ (684)<br>പെൺകുട്ടികൾ (665) |
| സ്കൂൾ നേതൃത്വം | : |
| പ്രധാന അദ്ധ്യാപകൻ | : മുഹമ്മദ് ഇബ്രാഹിം.സി |
| പി.ടി.എ പ്രസിഡണ്ട് | : ഷമീർ പൊട്ടേങ്ങൽ |
| എം പി.ടി.എ പ്രസിഡണ്ട് | : റംസീന |

Scanned with OKEN Scanner

# ചരിത്രം

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ ഏറ്റവും കിഴക്കെ അറ്റത്തെ കാളികാവ് ഗ്രാമ പഞ്ചായത്തിലെ രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു മഹത് വിദ്യാഭ്യാസ സ്ഥാപനമാണ് ഇന്ന് ഗവൺമെന്റ് ഹൈസ്കൂൾ അഞ്ചച്ചവടി.

ഏറനാട്ടിലെ വിദ്യാഭ്യാസ മേഖലയിൽ ബ്രിട്ടീഷ് ഗവൺമെന്റ് ഭരണ തന്ത്രപരമായി താല്പര്യമെടുത്ത് 1922-23 ൽ പരിയങ്ങാട് മാപ്പിള എലമെന്ററി സ്കൂൾ സ്ഥാപിച്ചതോടെയാണ് ഈ വിദ്യാലയത്തിന് ജന്മം കുറിക്കുന്നത്. കുഞ്ഞു മുഹമ്മദ് മാസ്റ്റർ പാണ്ടിക്കാട്, പന്തല്ലൂർ മൊയ്തീൻകുട്ടി മാസ്റ്റർ, മൊറയൂർ മൊയ്തീൻകുട്ടി മാസ്റ്റർ, കൊണ്ടോട്ടി സൈതലവി മാസ്റ്റർ, പരിയങ്ങാട് കുട്ടിഹസൻ മുസ്ലിയാർ, മമ്പുറം കബീർ മാസ്റ്റർ, തുടങ്ങിയവരായിരുന്നു ആദ്യകാല അധ്യാപകർ. 1930 കളിൽ വിവിധ മതവിഭാഗങ്ങളിൽ പെട്ട കുട്ടികൾ സ്കൂളിൽ ചേർന്നതോടെ സ്കൂൾ കെട്ടിടം വികസിപ്പിക്കാൻ വേണ്ട പ്രവർത്തനം തുടങ്ങി. നാട്ടിലെ പൗരപ്രമുഖരുടെയും അധ്യാപകരുടെയും നിസ്സീമമായ പ്രവർത്തനം മൂലം നിർമ്മിക്കപ്പെട്ട സ്കൂൾ കെട്ടിടം ഓട്ടൺ സായിപ്പ് ആയിരുന്നു ഉദ്ഘാടനം ചെയ്തിരുന്നത്.

1954 ലെ സർക്കാർ ഉത്തരവ് പ്രകാരം സ്കൂളുകളിൽ നിന്ന് ഓത്തുപള്ളികൾ ഒഴിവാക്കി എങ്കിലും സ്ഥലപരിമിതി കാരണം അഞ്ചച്ചവടി സ്കൂൾ പലപ്പോഴും മദ്രസ കെട്ടിടത്തിൽ ആയിരുന്നു പ്രവർത്തിച്ചിരുന്നത്.

1970 കളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനയെ തുടർന്ന് അഞ്ചച്ചവടി ബുസ്താനുൽ ഉലൂം മദ്രസയിൽ പല ക്ലാസുകളും പ്രവർത്തിച്ചു.

1973 ൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രി സി.എച്ച് മുഹമ്മദ് കോയ സാഹിബിന്റെ
നിർദ്ദേശപ്രകാരം യു.പി സ്കൂൾ ആക്കുന്നതിന് വേണ്ട പ്രവർത്തനങ്ങളിൽ നാട്ടിലെ
പൗരപ്രമുഖർ ഏർപ്പെട്ടു. രണ്ട് ഏക്കറോളം സ്ഥലം കെ.ടി ഹൈദ്രുഹാജി, വി.പി
ഇണ്ണിക്കാ മുഹമ്മദ് തുടങ്ങിയവരുടെ ശ്രമഫലമായി സ്കൂളിനായി കണ്ടെത്താൻ സാധി
ച്ചു. തുടർന്ന് 1987 ൽ ജി.യു.പി.എസ് അഞ്ചച്ചവടി ആയി മാറുകയും പിന്നീട് മുൻ
ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് കെ.കുഞ്ഞാപ്പ ഹാജി ഉൾപ്പെടെയുള്ള ജനപ്രതിനിധിക
ളുടെ പരിശ്രമത്തിന്റെയും നാട്ടുകാരുടെ നിരന്തരമായ സമര പരിപാടികളുടെയും ഫല
മായി 2013 ൽ എട്ടാം ക്ലാസ് ആരംഭിക്കുന്നതിന് അനുമതി ലഭിച്ചതോടെ
ഹൈസ്കൂളായി മാറുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ ഒൻപത്, പത്ത്
ക്ലാസുകൾ നടത്താൻ സാധിക്കുകയും 2016 ൽ സ്കൂളിന്റെ ആദ്യ എസ്.എസ്.എൽ.സി
ബാച്ച് പുറത്തിറങ്ങുകയും ചെയ്തു.

നാട്ടുകാരുടെയും അധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും എല്ലാം ആത്മാ
ർത്ഥമായ പ്രവർത്തന ഫലമായി ഒരു സർക്കാർ സ്കൂൾ അതിന്റെ ആദ്യ എസ്.എസ്.
എൽ.സി ബാച്ചിൽ തന്നെ 100 ശതമാനം വിജയവുമായി ജില്ലയ്ക്കും സംസ്ഥാനത്തിനും
തന്നെ മാതൃകയായി. 2016 ലെ ആദ്യബാച്ച് മുതൽ തുടർന്നുള്ള 10 വർഷങ്ങളിലും

Scanned with OKEN Scanner

100 ശതമാനം വിജയം കൈവരിക്കാനായത് പൊതു സമൂഹത്തിന് ഈ സ്ഥാപനത്തെ ക്കുറിച്ചുള്ള മതിപ്പ് വർദ്ധിപ്പിക്കുന്നതിന് കാരണമായി. 2021 ൽ സ്കൂളിൽ പരീക്ഷ എഴു തിയ 159 കുട്ടികളും വിജയിച്ചുവെന്നതിലുപരി 26 കുട്ടികൾക്ക് മുഴുവൻ വിഷയ ങ്ങൾക്കും എ പ്ലസും, 12 കുട്ടികൾക്ക് 9 എ പ്ലസും ലഭിക്കുകയുണ്ടായി. നൂറ് വർഷങ്ങൾ പിന്നിട്ട ഈ സ്ഥാപനത്തിന് അതിന്റെ ശതാബ്ദി വർഷത്തിൽ മികച്ച വിജയം നേടാനാ യത് ഏറെ ആഹ്ലാദകരമായി.

പ്രീപ്രൈമറി മുതൽ പത്താം ക്ലാസ് വരെ 1500 ഓളം കുട്ടികളാണ് നിലവിൽ ഈ സ്കൂളിൽ പഠിച്ചു കൊണ്ടിരിക്കുന്നത്.

2013 ൽ ഹൈസ്കൂൾ ആരംഭിക്കുന്നതിനു മുന്നോടിയായി നിലവിലുള്ള സ്ഥലം മുന്നേക്കർ തികയാതെ വന്നതിനാൽ സ്കൂളിന് കളിസ്ഥലം നിർമ്മിക്കുന്നതിനായി നാട്ടു കാരുടെയും പ്രവാസി സുഹൃത്തുക്കളുടെയും ആത്മാർത്ഥമായ പരിശ്രമത്തിലൂടെ 18 ലക്ഷം രൂപയോളം സമാഹരിച്ച് ഒന്നര ഏക്കർ സ്ഥലം വാങ്ങുകയും ഗവർണറുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഇങ്ങനെ സ്ഥാപനത്തോട് വളരെ ചേർന്നു നിൽക്കുന്ന ഒരു പൊതു സമൂഹമാണ് അഞ്ചച്ചവടി പ്രദേശത്തുള്ളത്.

വണ്ടൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ.എ.പി അനിൽകുമാർ അവർക ളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചും ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുകൾ ഉപ യോഗപ്പെടുത്തിയും 16 ക്ലാസ് മുറികൾ ഹൈസ്കൂൾ ആയതിന് ശേഷം നിർമ്മിക്കുകയു ണ്ടായി. കൂടാതെ ഇപ്പോൾ കിഫ്ബി ഫണ്ട് ഉപയോഗിച്ച് മൂന്ന് കോടി രൂപയുടെ സമുച്ച യവും യാഥാർത്ഥ്യം ആയിട്ടുണ്ട്. ഇത് വഴി 16 ക്ലാസ് മുറികളും ലഭിക്കുകയുണ്ടായി.

ഇനിയും ഒരുപാട് ദൂരം സഞ്ചരിക്കാൻ ഉണ്ട്. പാഠ്യപാഠ്യേതര പ്രവർത്തന ങ്ങൾക്കായി മികച്ച സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്. ഇതിനായി നാട്ടുകാരും രക്ഷിതാക്കളും പി.ടി.എ ഭാരവാഹികളും അധ്യാപകരും ഒരുമിച്ചുള്ള പ്രയാ ണത്തിലാണ്

Scanned with OKEN Scanner

# ക്ലാസ് -1

**മേഖല: അക്കാദമികം**

**ഉപമേഖല: ഭാഷ, മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക<br>2. സ്വന്തം ആശയങ്ങൾ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുവാൻ കഴിവുള്ളവരാക്കുക | -ടീച്ചർ രക്ഷിതാവ് പറഞ്ഞ കഥകളിലെ ആശയം പങ്കിടൽ -<br>വീട്ടു വായന -<br>ഡയറി എഴുത്ത് -<br>ക്ലാസ് ലൈബ്രറി | ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ<br>എസ്.ആർ.ജി,<br>എസ്.എം.സി | എസ്.എം.സി |
| | - റീഡേഴ്സ് തീയേറ്റർ -<br>കഥ പൂരിപ്പിക്കൽ | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| | - ചിത്ര വായന -<br>വാചികാവതരണം -<br>ചിത്രങ്ങൾക്ക് അടിക്കുറിപ്പ് -<br>ചിത്ര വായനാക്കാർഡുകൾ | സെപ്തംബർ | ക്ലാസ് ടീച്ചർ | |
| | - ചിത്രകഥാ വായന -<br>വായനാക്കാർഡുകൾ (വായന, തയ്യാറാക്കൽ) -<br>സതന്ത്രമായി കഥപറയൽ | ഒക്ടോബർ | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി,<br>എസ്.എം.സി | എസ്.എം.സി |
| | - ചിത്രത്തെ അടിസ്ഥാനമാക്കി പറയുന്ന കഥ, എഴുത്ത് (സംയുക്തം)<br>- ഇവയുടെ (സംയുക്തമായി എഴുതിയ കഥ, കവിത) പ്രകാശനം | നവംബർ | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി,<br>എസ്.എം.സി | എസ്.എം.സി |
| | -സ്വതന്ത്ര രചന (കഥ, കവിത)<br>- സ്വതന്ത്ര വായന (കഥകൾ)<br>- കഥ, കവിത പ്രകാശനം | ജനുവരി- മാർച്ച് | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി,<br>എസ്.എം.സി | എസ്.എം.സി |

Scanned with OKEN Scanner

# ENGLISH

Aim:

To speak , read and write english without any mistakes

| Aim | Activities | Month | Supporet | *Financial reasons* |
|---|---|---|---|---|
| Skills | To develop listening skills and reading skills | June | Teachers Parents | |
| | Language games | June | | |
| | Description , growing sentence, picture reading, | | | |
| Reading Skills | Reading breaking news | July | | |
| | Find words from reading materials | August | | |
| | Rhyming words | September | | |
| | Describing words from text book | October | | |
| Writing skills | Making word webs | November | | |
| | Picture description | December | | |
| | Word chain | January | | |
| | Make word web | February | | |
| | Add more lines | March | | |

Scanned with OKEN Scanner

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | കൈതാങ്ങ് |
|---|---|---|---|
| പാട്ടുകളും കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ കുഞ്ഞുപുസ്തകം ഏകദിന ക്യാമ്പ് | ജൂൺ-മാർച്ച് | പി.ടി.എ |
| | ജാമിതീയ രൂപങ്ങളുടെ നിർമ്മാണം | സെപ്തംബർ | |
| ഒരക്ക സംഖ്യകൾ , ഒരക്ക സംഖ്യകളും രണ്ടക്ക സംഖ്യകളും ഉൾപ്പെടുന്ന ലളിതമായ പ്രശ്ന നിർധാരണത്തിനുള്ള കഴിവ് നേടുക | ഗണിത ക്യാമ്പ്-ഗണിത കളികൾ<br>മഞ്ചാടി സഞ്ചി | മാസത്തിൽ ഒരിക്കൽ | പി.ടി.എ |
| | മഞ്ചാടി സഞ്ചി | | |

Scanned with OKEN Scanner

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | പ്രകൃതി നടത്തം | ജൂൺ | അധ്യാപകൻ |
| | ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു. | ജൂലൈ | അധ്യാപകൻ |
| | പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | ആഗസ്റ്റ് | രക്ഷിതാക്കൾ |
| ചെടികൾക്ക് ഇല, വേര്, തണ്ട്, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു | സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു | സെപ്തംബർ | അധ്യാപകൻ |
| | പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | ഒക്ടോബർ, നവംബർ | പി.ടി.എ |
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു | പച്ചക്കറികൾ , പഴങ്ങൾ , കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടുവരുന്നു | ഡിസംബർ | രക്ഷിതാക്കൾ |
| | ഓരോന്നിന്റെയും ഏതു ഭാഗമാണ് ഭക്ഷ്യയോഗ്യം ആയത് കണ്ടെത്തുന്നു. | | അധ്യാപകൻ |
| | രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു | ജനുവരി, ഫെബ്രുവരി, മാർച്ച് | രക്ഷിതാക്കൾ |

Scanned with OKEN Scanner

# ക്ലാസ് -2

**മേഖല: അക്കാദമികം**

**ഉപമേഖല: ഭാഷ, മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രങ്ങളുടെ സായത്തോടെ ആശയാവിഷ്കാരം നടത്തുന്നു. തെറ്റുകൂടാതെ എഴുതുന്നു. -വടിവെഴുത്ത് -തെളിവെടുത്തെഴുത്ത് | - രക്ഷിതാക്കൾക്ക് ശില്പശാല<br>-സന്നദ്ധതാ പ്രവർത്തനങ്ങൾക്കൊപ്പം സചിത്ര പാഠങ്ങൾ തയ്യാറാക്കുന്നു. | ജൂൺ | ടീച്ചർ | |
| | -ചിത്രങ്ങളുടെയും,കട്ടൗട്ടുകളുടെയും സഹായത്തോടെ രൂപീകരണ പാഠങ്ങൾ തയ്യാറാക്കുന്നു.<br>-സചിത്ര നോട്ട്ബുക്ക് തയ്യാറാക്കുന്നു. | ആഗസ്റ്റ് - ജനുവരി | എസ്.ആർ.ജി | എസ്.എസ്.കെ, എസ്.എം.സി, പി.ടി.എ, ക്ലബുകൾ |
| ഭാഷയെ ഹൃദ്യവും സർഗ്ഗാത്മകവും, ആസ്വാദ്യകരവുമാക്കുന്നു | റീഡേഴ്സ് തീയേറ്റർ<br>കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് കഥാപാത്രങ്ങളും ആഖ്യാനവും സംഭാഷണങ്ങളും കണ്ടെത്തുന്നു.<br>-വായിച്ച് ഒരുങ്ങുന്നു. അവതരിപ്പിക്കുന്നു, -ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് റീഡേഴ്സ് തീയേറ്റർ അവതരിപ്പിക്കുന്നു. | ജൂലൈ-മാർച്ച് | ടീച്ചർ, എസ്. ആർ.ജി , എസ്. എം.സി, എം. ടി.എ | എസ്.എസ്.കെ, പി.ടി.എ, സന്നദ്ധ സംഘടനകൾ, ക്ലബുകൾ |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | -അക്ഷര കേളി -പദപ്പയറ്റ് -പാട്ടുകളും , കളികളും, കഥകളും അടങ്ങുന്ന കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ -രക്ഷിതാക്കൾക്ക് ശില്പശാല | ജൂൺ | ടീച്ചർ, എസ്. ആർ.ജി , എസ്. എം.സി | എസ്.ആർ.ജി എസ്.എം.സി, പി.ടി.എ |
| -ഭാഷാ നൈപുണികൾ/ശേഷികൾ നേടുന്നു. -ദൈനംദിന ജീവിതാനുഭവങ്ങൾ ആശയാവിഷ്ക്കാരം ചെയ്യുന്നു. -തെറ്റുകൂടാതെ എഴുതുന്നു | -ശില്പശാല -സംയുക്ത ഡയറി. മാതാപിതാക്കളും കുട്ടികളും ഒരുമിച്ച് ദൈനംദിന ജീവിതാനുഭവങ്ങൾ ചർച്ച ചെയ്യുന്നു. ശേഷം കുട്ടി ഡയറി എഴുതുന്നു (പെൻസിൽ കൊണ്ട്) കുട്ടിക്കറിയാത്ത അക്ഷരങ്ങളും വാക്കുകളും രക്ഷിതാവ് പേനകൊണ്ട് എഴുതുന്നു | ജൂൺ, ജൂലൈ | ടീച്ചർ, എസ്. ആർ.ജി | എസ്.എസ്.കെ. പി.ടി.എ |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | -ലഘു രചനയിലേയ്ക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ എല്ലാ മാസവും സംഘടിപ്പിക്കുന്നു. -പതിപ്പുകൾ നിർമ്മിക്കുന്നു | ഒക്ടോബർ, ഡിസംബർ, മാർച്ച് | എസ്.ആർ.ജി, എസ്.എം.സി, പി.ടി.എ, എം. ടി.എ, എസ്.എസ്.ജി | പി.ടി.എ, എസ്. എസ്.ജി, എസ്. എസ്.കെ |
| സർഗ്ഗാത്മകകതയെ തട്ടിയുണർത്താം | പ്രദേശിക രചയിതാക്കളെ ഉൾപ്പെടുത്തി രചനാശില്പശാലകൾ സംഘടിപ്പിക്കുന്നു | ആഗസ്റ്റ് | എസ്.ആർ.ജി, എസ്.എം.സി, പി.ടി.എ, എം. ടി.എ, എസ്.എസ്.ജി | പി.ടി.എ, എസ്. എസ്.ജി, എസ്. എസ്.കെ,ക്ലബുകൾ |
| | കഥ, കവിത തുടങ്ങിയവ അവതരിപ്പിക്കാൻ സ്കൂൾ തലത്തിൽ വേദിയൊരുക്കുന്നു. | ആഗസ്റ്റ്, ഫെബ്രുവരി | | |

Scanned with OKEN Scanner

# STD- 2
## ENGLISH

| Objectives | Activities | Duration | Finance | Duties |
|---|---|---|---|---|
| To check the Vocabulary and writing skills of pupuils | Pretest<br>Simple word games<br>Action Songs<br>Rhyms | June- July | | Class Teacher |
| To Develop listening skills and reading skills | Readers theatre<br>Reading card Presentation | July- August | PTA | English club |
| Improving Speaking Skills | Identity the naming words from the picture<br>Identity the action words from the same picture<br>Picture reading<br>Conduct English assembly | June -March | | Class Teacher |
| Develop the Creative Speaking and writing | News paper reading<br>Find new words from news paper, library book etc.. | August-September | PTA | |
| | Dictionary making | August- March | | |
| Reading Skills | Text book, Newspaper library book reading<br>Book Review<br>Describing words etc.. | September-March | SMC | English club |
| Writing Skills | Make word web<br>Picture description with describing words<br>Add more lines<br>Make riddles, Conversation<br>Word chain or sentence chain | September-March | | Class Teacher |
| To express thoughts and feelings | Thoughts of the day<br>Develop a story<br>Add more lines<br>Speech<br>Diary writing | November-December | | |
| Develop Creative Speaking, thought and writing etc. | Simple story, reading cards reading | December | | |
| Add two or three exchange to a conversation | Diary writing<br>Announcement making, Notice | January | | |
| Thanks Skills | Role play, Drama | July -March | | |

Scanned with OKEN Scanner

**മേഖല: അക്കാദമികം**

**ക്ലാസ് : 2**

**പരിസര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ശുചിത്വം ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. പ്രകൃതിയെ അറിയാൻ നാടറിയാൻ നാട്ടറിവുകൾ | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ, എസ്.ആർ.ജി, എസ്.എം.സി | |
| | പ്രകൃതി നടത്തം കാഴ്ച ബംഗ്ലാവിലേക്ക് | സെപ്തംബർ-ഡിസംബർ | | എസ്.എം.സി |
| | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | എസ്.ആർ.ജി, നാട്ടുകാർ | |

Scanned with OKEN Scanner

## മേഖല: അക്കാദമികം

## ക്ലാസ് : 2

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| -രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാ ബോധം ,സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ -ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ | –1,2,3,4............................ 1,3,5,7............................ തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ – ഒരുസംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് - ഗണിതക്കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ - പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5=10, 10+10=20)<br>- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>-സംഖ്യകളുടെ പ്രത്യേകത കണ്ടെത്തൽ - ഗണിതക്കിറ്റിലെ സാധാനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ - വിലവിവരപ്പട്ടിക തയ്യാറാക്കൽ | ആഗസ്റ്റ്, സെപ്തംബർ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആശും എന്ന മേഖലയിൽ എത്തിച്ചേരൽ | രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രയോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു - സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു<br>- സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ | ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു<br>വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു | -സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്) - പ്രയോഗിക പ്രശ്നപരിഹാരത്തിനായ് കളി നോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ - ക്ലാസിനൊരു കട കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ<br>- വില വിവരപ്പട്ടിക തയ്യാറാക്കൽ - ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലപനം നടത്തൽ - ഉല്ലാസ ഗണിതം മെറ്റീരിയൽ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ - കലണ്ടർ പതിപ്പ് തയ്യാറാക്കൽ - കലണ്ടർ പരിചയപ്പെടൽ - ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യൽ | നവംബർ-ഡിസംബർ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആശും എന്ന മേഖലയിൽ എത്തിച്ചേരൽ | രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രയോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു - സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു<br>- സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ | ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു<br>വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു | -സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്) - പ്രയോഗിക പ്രശ്നപരിഹാരത്തിനായ് കളി നോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ - ക്ലാസിനൊരു കട കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ<br>- വില വിവരപ്പട്ടിക തയ്യാറാക്കൽ - ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലപനം നടത്തൽ - ഉല്ലാസ ഗണിതം മെറ്റീരിയൽ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ - കലണ്ടർ പതിപ്പ് തയ്യാറാക്കൽ - കലണ്ടർ പരിചയപ്പെടൽ - ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യൽ | നവംബർ-ഡിസംബർ | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു<br>വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു | - ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലപനം നടത്തൽ<br>- ഉല്ലാസ ഗണിതം മെറ്റീരിയൽ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ<br>- കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>- കലണ്ടർ പരിചയപ്പെടൽ<br>- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യൽ | നവംബർ-ഡിസംബർ | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

**മേഖല: അക്കാദമികം**

**ക്ലാസ് : 3**

**മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| -കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക.<br>-രചനകൾ ഭാവാത്മകമായി വായിക്കുക -<br>ആസ്വദിച്ച ഭാഷാഘടകങ്ങൾ പുതിയ സന്ദർഭങ്ങളിൽ ഉചിതമായി ഉപയോഗിക്കുക - ലഘുവായ സർഗത്മക രചനകൾ<br>- കഥകളെയും കവിതകളെയും നാടകം, പാവനാടകം, ചിത്രീകരണം, റിഡേഴ്സ് തീയറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കുക<br>- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കുക (വിവരണം, ഡയറി, സംഭാഷണം) | - നാടൻ പാട്ടുകൾ ശേഖരണം(വായ്ത്താരികൾ ഉള്ളത്) - പഴഞ്ചൊല്ലുകൾ ശേഖരണം - കഥാശേഖരണം-കടങ്കഥ പതിപ്പ്-കടങ്കഥ പയറ്റ് - കലയിലെ കേമൻ-കലാകാരനെ പരിചയപ്പെടൽ അഭിമുഖം<br>- കലാരൂപങ്ങൾ- ചിത്രശേഖരണം (ആൽബം) | ജൂൺ-ജൂലൈ | അധ്യാപകർ | |
| | - കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ഒരുക്കി വയ്ക്കൽ - റോൾ പ്ലേ അവതരണം - ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം - പലഹാര മേള- പാചകക്കുറിപ്പ് തയ്യാറാക്കൽ - കത്തുകൾ പരിചയപ്പെടൽ - ഹരിത കർമ്മ സേനയിലെ ആളുകളുമായി അഭിമുഖം - സ്കൂൾ പത്രം<br>- സി.പി.റ്റി.എ ഒന്നാം മികവുത്സവം | ആഗസ്റ്റ് - സെപ്തംബർ | പി.ടി.എ, അധ്യാപകർ | 500 |
| | -കൃഷിയിടം സന്ദർശനം - കൃഷിപ്പാട്ടുകൾ, ചൊല്ലുകൾ അവതരണം - കുട്ടിക്കളികൾ വിവരണം- പതിപ്പ് | ഒക്ടോബർ-നവംബർ | അധ്യാപകർ | |
| | - കുട്ടികളുടെ സൃഷ്ടികൾ മാഗസിനാക്കുന്നു - ആശംസാ കാർഡു നിർമ്മാണം | ഡിസംബർ-ജനുവരി | അധ്യാപകർ | |

Scanned with OKEN Scanner

## ക്ലാസ് : 3

### പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | - പ്രകൃതി നടത്തം -<br>പൂന്തോട്ട നിർമ്മാണം -<br>പോസ്റ്റർ നിർമ്മാണം -ദാഹജ<br>ലം- കിളികൾക്ക് ദാഹജലമൊരുക്കൽ | ജൂൺ-ജൂലൈ | അധ്യാപകർ, പി.ടി.എ | 500 |
| കാർഷിക മനോഭാവം വളർത്തുക | - കുട്ടി കർഷകർ വീടുകളിൽ കൃഷി ചെയ്യുന്നു.<br>-കർഷകരുമായി അഭിമുഖം -<br>കാർഷിക പതിപ്പ് നിർമ്മാണം -<br>വിത്തു മുളയ്ക്കൽ നിരീക്ഷണക്കുറിപ്പ് | ജൂൺ-ഡിസംബർ<br>ജൂൺ-ജൂലൈ<br>ആഗസ്റ്റ്<br>ജൂൺ | അധ്യാപകർ, പി.ടി.എ | |
| മണ്ണ്, ജലം സംരക്ഷണ മനോഭാവം വളർത്തുക | - ജലസംരക്ഷണ പോസ്റ്റർ നിർമ്മിച്ച് സ്കൂളിൽ പ്രദർശിപ്പിക്കുന്നു. -മണ്ണ് പ്രദർശനം | ജൂലൈ<br>ഡിസംബർ | അധ്യാപകർ, എസ്.ആർ.ജി | |
| പരീക്ഷണങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രാഭിമുഖ്യം വളർത്തുക | - പരീക്ഷണങ്ങളിൽ ഏർപ്പെട്ട് പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. -കുട്ടികൾ<br>വീടുകളിൽ നിന്ന് പരീക്ഷണങ്ങൾ ചെയ്ത് വീഡിയോ നിർമ്മിക്കുന്നു | ജൂൺ-ഫെബ്രുവരി | അധ്യാപകർ, ശാസ്ത്രക്ലബ് | |

Scanned with OKEN Scanner

## ക്ലാസ് : 3

## ഗണിതം

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ | - ചതുരം,വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു<br>- തോരണം നിർമ്മാണം, തോണി നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ്<br>- ജ്യാമിതീയ രൂപങ്ങൾ ചേർത്ത് വെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു | ജൂൺ-ജൂലൈ | അധ്യാപകർ | 300 | ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുക എന്നതാണ് ലക്ഷ്യം |
| സംഖ്യാബോധം | - കണക്കുപെട്ടി നിർമ്മാണം<br>- ഗണിത ശിൽപശാല<br>- 1 മുതൽ 100 വരെ എഴുതിയ ടോക്കൺ<br>- കളിനോട്ടുകൾ നിർമ്മാണം<br>- കമ്പ് കെട്ടുകൾ നിർമ്മാണം<br>- സംഖ്യാസ്ട്രിപ്പുകൾ നിർമ്മാണം<br>- അബാക്കസ് നിർമ്മാണം<br>- സ്ഥാനവില പോക്കറ്റ് നിർമ്മാണം | ജൂലൈ-ആഗസ്റ്റ് | സ്കൂൾതല സമിതികൾ | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്പോൺസേഴ്സ് 1500 | 1-2000 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനം നടത്തി, പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. |
| പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു | - മുന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ<br>- സംഖ്യാചക്രം നിർമ്മാണം<br>- കച്ചവടം (കട) ക്ലാസിൽ അവതരിപ്പിക്കുന്നു | ആഗസ്റ്റ്-സെപ്തംബർ | അധ്യാപകർ, രക്ഷിതാക്കൾ | പി.ടി.എ ഫണ്ട് 200 | നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളുംനോട്ടുകളും കൈകാര്യം ചെയ്യൽ പ്രാപ്തമാ |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| അളവുകൾ | -സ്കെയിൽ നിർമ്മാണം<br>-കുട്ടികളുടെ ഉയരം, വണ്ണം,തൂക്കം എന്നിവ കണ്ടെത്തൽ | ഒക്ടോബർ | അധ്യാപകർ, മാത്സ് ക്ലബ് | പി.ടി.എ<br>100 | നീളം അളക്കുന്നതിനുള്ള ഏകകങ്ങൾ പരിചയപ്പെടുന്നു. |
| ഗുണനം | -ഗുണന വസ്തുത കാർഡ് നിർമ്മാണം | നവംബർ, ഡിസംബർ | അധ്യാപകർ,രക്ഷിതാക്കൾ | 250 | |
| സമയം | -ക്ലോക്ക് നിർമ്മാണം | ജനുവരി-ഫെബ്രുവരി | അധ്യാപകർ,രക്ഷിതാക്കൾ | 500 | |

Scanned with OKEN Scanner

## STD-3

## ENGLISH

| Area | Activities | Duration | Duty | Finance | Remarks |
|---|---|---|---|---|---|
| To improve LSRW<br>Improve listening | Readers theotor<br>Story presentation<br>Vedio presentation<br>Audio presentation<br>Reading cars making<br>Reading competition | June- March | Teaches, Class resource group | PTA | |
| improve reading | News Reading<br>Daily Reading activities<br>Picture reading<br>Picture description<br>Quiz activities<br>Book reading | June- March | Teaches | class resource group | |
| improve speaking | Story telling<br>Self introduction<br>Talking activities<br>Conversation<br>Debate<br>Intractive question | March | Teachers | Class Teachers | |
| improve writing | Workshop<br>Assembly activities<br>Picture description<br>Words collection<br>Dairy writing<br>Add more lines<br>Story making<br>One day one sentence | June- March | Teachers, SRG | PTA | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| improve vacabulary skills | One day one word<br>Words collection<br>Dictionary making<br>Word-picture magazine<br>ELA work book | August-September | Teachers, SRG | class resource group,PTA | |
| | Word web<br>Word chain<br>Puzzles<br>Describing and naming words | October-November | | | |
| Understand simple grammer | Rhyming words usage of<br>Articles<br>Prepositions<br>Has/have<br>am/is/are<br>Describing words<br>Naming words | August-September | Teaches, Class resource group | PTA, SRG | |
| To understand sentence structure | Sentence making<br>English class with experts<br>summary writing<br>description<br>Thoughts<br>Dairy, Notice, Dailogue, poster etc... | October-March | SRG, Teachers | PTA, SRG | |

Scanned with OKEN Scanner

## CLASS -4

## ENGLISH

| Learning out comes | Activities | Activity Details | Duration | |
|---|---|---|---|---|
| Describes the pictures | Picture Description | . The teacher shows a picture<br>Discussion<br>. The children talk about the picture slow learnes<br>. Gives opportunity to express their idea in malayalam | June- August | |
| Arranges word in alphabetical order | Dictionary | . Introducing the dictionary<br>Gives word<br>Arranging words in alphabetical order | July March | |
| Add more exchanges to the conversation suitable to the context | Conversation | . Reading conversation<br>Conversation is acting with friends<br>. Add more exchanges to the conversation slow learners<br>. Gives opportunity to express their ideas in malayalam | July - March | |
| Identifiles the rhyming word from the poem | Rhyming words | . Playes the audio of song<br>Let the learner sing after the audio Discussion<br>Identifies the rhyming words | July -September | |
| Add lines to a poem following a set of pattern | Add more lines | .Playes the audio of song<br>. Let the learner sing after the audio<br>. Add lines to the poem | July -December | |
| Reads and under stands the given stories and poems | Le'ts read | . Provides the opportunity to read simple stories and poems<br>. They tell the story they read | December-March | |
| Make simple riddles | Riddles | . Gives the children the opportunity to hear and answer simple riddles<br>Make simple riddles<br>Slow learners<br>. Gives opportunity to express their idea in malayalam | August-March | |
| Undertakes simple project work given | Project works | . Give instruction<br>Data collection<br>codifying | October-March | |

Scanned with OKEN Scanner

## ക്ലാസ് : 4

### ഗണിതം

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാബോധം: 1-1000 സംഖ്യകൾ എണ്ണുന്നു എഴുതുന്നു | നറുക്കെടുക്കാം | . സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു<br>കിട്ടിയ സംഖ്യകൾ വായിക്കാം<br>. മറ്റുള്ളവർ സംഖ്യ എഴുതുന്നു | 1 ആഴ്ച | |
| | 10 ചങ്ങാതിമാർ | . സംഖ്യ നറുക്ക് എടുക്കുന്നു<br>. കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം | ജൂൺ | |
| | പാറ്റേൺ പൂർത്തിയാക്കാം | . വിവിധ സംഖ്യാപറ്റേൺ പൂർത്തിയാക്കൽ | ജൂൺ- സെപ്തംബർ | |
| | ക്രമത്തിലാക്കാം | . വ്യത്യസ്ത സംഖ്യ എഴുതുന്നു<br>ആരോഹണക്രമം, അവരോഹണക്രമം എഴുതുന്നു | ജൂൺ--ആഗസ്റ്റ് | |
| മൂന്നക്ക/ നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | . ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം . കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കാം | ജൂൺ | |
| | സംഖ്യാസൂര്യൻ | .ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം<br>. ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതാം | 2 ആഴ്ച | |
| മൂന്നക്ക/ നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | ക്രമീകരിക്കാം | . സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം | ജൂൺ- സെപ്തംബർ | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസിൽ ഒരു കട/ കച്ചവട കണക്ക് | . കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ,വെള്ളം,അരി മുതലായവ ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു. . ആവശ്യമുള്ളവ അളന്ന് എടുക്കുന്നു. . കളിനോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു. . കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ . സാധനം വാങ്ങുകയും പണം (കളിനോട്ട് ) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>. ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>. പ്രയാസങ്ങൾ ഗ്രൂപ്പിൽ അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | ഫെബ്രുവരി | |
| | സമയചക്രം | . ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു (am,pm).<br>സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു. | ജൂലൈ | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | സംഖ്യാചക്രം | . സംഖ്യാചക്രം കറക്കി 2 സംഖ്യകൾ എഴുതുന്നു. അവ തമ്മിലുള്ള ചതുഷ്ക്രിയ ചെയ്യുന്നു. . വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരെഞ്ഞെടുക്കാൻ അവസരം നൽകുന്നു. അവതമ്മിലുള്ള സങ്കലനം. വ്യവകലനം, ഗുണനം, ഹരണം | ജൂലൈ-മാർച്ച് | |
| | ഭാഗ്യവാനെ കണ്ടെത്താം | . അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതാം . വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരെഞ്ഞെടുക്കാൻ അവസരം നൽകുന്നു. . ക്രിയ ചെയ്യാം . . ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ-ഫെബ്രുവരി | |

Scanned with OKEN Scanner

## ക്ലാസ് : 4

## മലയാളം

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരസ്പുടതയോടേയും ആശയ വ്യക്തതയോടെയും ഉള്ള വായന | വായിക്കാം, എഴുതാം, വായിക്കാം | . ഒഴുക്കോടെ ഉച്ചത്തിൽ വായിക്കാം<br>നിശബ്ദ വായന . ഉച്ച<br>ത്തിൽ വായന<br>. വായനാ കാർഡ് നൽകുന്നു | 2 ആഴ്ച | |
| | വായിക്കാം, എഴുതാം, വായിക്കാം | . കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>വായന കാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതാം . കുട്ടി<br>രക്ഷിതാവിനെ വായനാകാർഡ് വായിച്ച് കേൾപിക്കുന്നു. | 2 ആഴ്ച | |
| | ആശയം പറയാം | . വായിച്ചറിഞ്ഞ ആശയം പറയൽ<br>ആവർത്തന വായന | 2 ആഴ്ച | |
| | ആശയം പറയാം, തുടർ പ്രവർത്തനം | . കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു. കുട്ടി രക്ഷിതാവിന് വായന കാർഡ് വായിച്ച്കേൾപ്പിക്കുന്നു.<br>വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞ് കൊടുക്കുന്നു | ജൂൺ | |
| | വായിക്കാം കൂട്ട് കാരെ | . കുട്ടിക്ക് വായാനാകാർഡ് നൽകുന്നു.<br>നിശബ്ദ വായന<br>ഉച്ചത്തിൽ വായന<br>. ഒഴുക്കോടെ വായന | ജൂൺ-ജൂലൈ | |
| | വായിക്കാം കൂട്ട് കാരെ തുടർ പ്രവർത്തനം | . കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു. . കുട്ടി<br>രക്ഷിതാവിന് വായാനകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>ഓഡിയോ വീഡിയോ ഉപയോക്കുന്നു | ജൂൺ-ജൂലൈ | |
| | വായിക്കാം അഭി പ്രായം പറയാം | . കുട്ടിക്ക് ഒരു വായനാ കാർഡ് നൽകുന്നു.<br>. വായിച്ച് അവതരിപ്പിക്കാൻ അവസരം.<br>കഥാപാത്രത്തെക്കുറിച്ചും കഥയെക്കുറിച്ചും പറയാം | ജൂലൈ-ആഗസ്റ്റ് | |

| | | | | |
|---|---|---|---|---|
| | ക്ലാസ് റൂം ലൈബ്രറി | . ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു.<br>. ലൈബ്രറിയൻ ആയ കുട്ടികളെ തിരഞ്ഞെടുക്കാം.<br>പുസ്തക വിതരണം | ജൂൺ- ആഗസ്റ്റ് -ഓക്ടോബർ | |
| കവിത,കഥ എന്നിവ സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും | കഥ കാണാം, എഴുതാം | . കുട്ടിക്ക് ഐ.സി.റ്റി ഉപയോഗിച്ച് കഥ കാണാൻ അവസരം.<br>കുട്ടികൾക്ക് കഥ സ്വയം എഴുതാൻ അവസരം | 2 ആഴ്ച | |
| അക്ഷര സ്പുടത, ആശയ വ്യക്തത, വായന, ഒഴുക്കോടെ വായന, ശബ്ദത്തോടെ വായന | കഥ കാണാം, എഴുതാം, തുടർ പ്രവർത്തനം നൽകാം | . രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിത്ത് കേൾപ്പിക്കുന്നു.<br>കുട്ടി വായിക്കുന്നതിന്റെ ഓഡിയോ വീഡിയോ അയച്ച് തരുന്നു | 2 ആഴ്ച | |
| | ചിത്രത്തിലെന്തെല്ലാം | . രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കാൻ പറയാം | 2 ആഴ്ച | |
| | എന്തെല്ലാം കാഴ്ചകൾ | . പരിസര നിരീക്ഷണം<br>വീഡിയോ കാണാൻ അവസരം | 2 ആഴ്ച | |
| | കവിത പൂർത്തിയാക്കാം, പാടി അവതരിപ്പിക്കാം | . കവിത പൂർത്തിയാക്കാൻ അവസരം<br>കവിതയ്ക്ക് ഈണം കണ്ടെത്താൻ അവസരം . കൂടുതൽ വരികൾ കൂട്ടിചേർക്കുന്നു. | ജൂൺ- സെപ്തംബർ | |
| | സർഗ്ഗാത്മക രചന, കവിതകൾ,രചനകൾ | . കവിത പാടിക്കാം, പാടിയ കവിതകൾ രക്ഷിതാവിനെ പാടി കേൾപിക്കുന്നു | | |
| | സർഗ്ഗാത്മക കഴിവുകൾ തിരിച്ചറിയുന്നതിന് | . കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥയെഴുതാൻ അവസരം | ജൂൺ-ഓക്ടോബർ | |

Scanned with OKEN Scanner

## ക്ലാസ് : 4

## പരിസര പഠനം

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പ്രകൃതി നടത്തം | - ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം - പ്രത്യേകതകൾ മനസ്സിലാക്കാം - വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം - ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച - നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം, സ്വയം തിരുത്താം - പ്രകൃതിക്ക് ഭീഷണിയാക്കുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം - തെറ്റും ശരിയും ചർച്ച ചെയ്യാം | ജൂൺ-ഒാക്ടോബർ | |
| | പൂന്തോട്ടം ഒരുക്കൽ | - സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ - വീട്ടിൽ പൂന്തോട്ടം ഒരുക്കാം | ജൂൺ-മാർച്ച് | |
| | ഒരു തൈ നടാം | - പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടീൽ - നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ-മാർച്ച് | |
| | പോസ്റ്റർ നിർമ്മാണം | - പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ - പരിസരങ്ങളിൽ പതിക്കൽ | ജൂൺ | |
| | ദാഹജലം | - പൂന്തോട്ടത്തിൽ വേനൽ കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം | ജൂൺ | |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | ദിന കൃതികൾ | -ഓരോ ദിവസവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു. | ജൂൺ-മാർച്ച് | |
| | | - കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തേയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനേയും ഏൽപിക്കുന്നു | | |
| | നംവബർ വൺ | - ക്ലാസ് തലത്തിൽ ശുചിത്വ മത്സരം - വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു | ജൂൺ-മാർച്ച് | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | പരിസര നടത്തം | - നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം<br>- മലിനീകരണ പ്രശ്നങ്ങൾ കണ്ടെത്താം -<br>പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | ജൂൺ-ഡിസംബർ | |
| | നല്ലശീലം | -പോസ്റ്റർ നിർമ്മാണം - പരിസരങ്ങളിൽ പതിക്കാം | ജൂലൈ-മാർച്ച് | |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്താം | ഫീൽഡ് ട്രിപ്പ് | - നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് (കുളം, വയൽ, കാട് എന്നിവ) | ജനുവരി-മാർച്ച് | |
| | പരീക്ഷണങ്ങൾ | - ശാസ്ത്ര കൗതുകം വളർത്തുന്നവ | ഡിസംബർ-ഫെബ്രുവരി | |
| | ശാസ്ത്രജ്ഞനോടൊപ്പം | - ക്യാമ്പ് -<br>മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാവുന്നു | ഡിസംബർ-ഫെബ്രുവരി | |
| | പക്ഷി നിരീക്ഷണം | -ക്യാമ്പ് -<br>പക്ഷി നിരീക്ഷണത്തിന് അവസരം | | |

Scanned with OKEN Scanner

## അറബിക്

| പദ്ധതി/മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | ലക്ഷ്യം/റിമാർക്സ് |
|---|---|---|---|---|---|
| അവസ്ഥാപഠനം (Pre test) | - നിലവിലുള്ള അറിവുകൾ പരിശോധിക്കാനുള്ള ടൂൾ തയ്യാറാക്കൽ<br>- ടെസ്റ്റ് നടത്തി ഫലം അപഗ്രഥിച്ച് നിലവാരങ്ങളുടെ രേഖപ്പെടുത്തൽ | 1 മാസം (ജൂൺ) | അധ്യാപകർ/ പി.ടി.എ | 500 | ഏത് നിലവാരത്തിലാണെന്ന് അറിഞ്ഞ് പഠന പ്രവർത്തന വിനിയോഗം |
| പരിഹാര പ്രവർത്തനങ്ങൾ/തുടർ പ്രവർത്തനങ്ങൾ | - ടെക്സ്റ്റ് ബുക്ക്, വർക്ക് ബുക്ക്, സചിത്ര ബുക്ക്, പ്രവേശിക പ്രവർത്തങ്ങളിലൂടെ ഘട്ടം ഘട്ടമായി നിലവാരമുയർത്തി കൊണ്ട് വരുന്നു. | 8 മാസം | അധ്യാപകർ/ പി.ടി.എ | 500 | അവസ്ഥാമാറ്റങ്ങളുടെ രേഖപ്പെടുത്തൽ നടക്കുന്നു |
| മാസാന്ത അവലോകനവും നോട്ട്ബുക്ക് വിലയിരുത്തലും | -നോട്ട് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തുന്നത് നടത്തുകയും പടിപടിയായ ഉയർച്ചയിൽ കുട്ടികളെ പങ്കാളിയാക്കൽ | മാസാന്ത്യം | അധ്യാപകർ/ പി.ടി.എ | | ഓരോ മാസവും മാറ്റങ്ങൾ ബോധ്യപ്പെടാനവസം |
| ചോദ്യപേപ്പർ (മൂല്യ നിർണയ ടൂൾ) പരിചയിക്കലും പരിശീലക്കലും | 3 മേടിലായി നടക്കുന്ന ടെസ്റ്റുകൾക്ക് മുന്നോടുയായി മാതൃക മൂല്യനിർണയ ടൂളുകൾ സംഘടിപ്പിച്ച് പരിശിലനം നൽകുന്നു | ഓഗസ്റ്റ്, ഡിസംബർ, ഫെബ്രുവരി | അധ്യാപകർ/ പി.ടി.എ | 500 | ആത്മ വിശ്വസം കൈവരുന്നു |
| അറബിക് അസംബ്ലി | മുന്നൊരുക്കം , അവതരണം, ഡോക്യുമെന്റേഷൻ | ജൂലൈ, ഓക്ടോബർ, ജനുവരി | അധ്യാപകർ/ പി.ടി.എ | | ആസ്വാദനം |
| അറബിക് ഡേ ദിനാചരണം | ബാഡ്ജ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം, കൈയ്യെഴുത്ത് മാഗസിൻ, ചാർട്ട് പ്രദർശനം എന്നിവ നടത്തുന്നു | ഡിസംബർ | അധ്യാപകർ/ പി.ടി.എ | 2000 | വ്യത്യസ്ത സഹാചര്യങ്ങളിലെ ഉപയോഗം |
| നിലവാര രേഖകളുടെ പ്രദർശനം | തയ്യാറാക്കിയ മുഴുവൻ ഉൽപ്പന്നങ്ങളുടേയും പ്രദർശനവും ടൂൾ തയ്യാറാക്കി ഫലം അറിയാൻ | മാർച്ച് ആദ്യവാരം | അധ്യാപകർ/ പി.ടി.എ | 500 | ആരംഭത്തിലും വർഷാവസാനത്തിലും വന്ന മാറ്റങ്ങൾ ബോധ്യപ്പെടുത്തുന്നു |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| ലാംഗ്വേജ് ലാബ് | പ്ലാൻ തയ്യാറാക്കൽ (രൂപ രേഖ) മെറ്റീരിയൽസ് ശേഖരണം പദ്ധതി സമർപ്പണം, ഉത്ഘാടനം | 6 മാസം | സബ്ജക്ട് കൗൺസിൽ , പി.ടി.എ | 200000 | പഠനാനുഭവങ്ങളുടെ അനന്ത സാധ്യത |
| അറബിക് ലൈബ്രറി | ബുക്കുകളുടെ സെലക്ഷൻ, ശേഖരണം, ലൈബ്രറി സെറ്റിംഗ് വിതരണം, സ്വീകരിക്കൽ | 5 മാസം | എസ്.ആർ.ജി, പി.ടി.എ | 20000 | സാഹിത്യഭാഷയും പുസ്തക അറിവ് വർദ്ധിപ്പിക്കാൻ |
| ഡിജിറ്റൽ അറബിക് മാഗസിൻ | സൃഷ്ടികൾ ക്ഷണിക്കുന്നു. അനുയോജ്യമായവയുടെ സെലക്ഷൻ ടൈപ്പിംഗ്, ഡിജിറ്റൽ ,ഡിസൈനിംഗ്, പ്രകാശന ചടങ്ങ് സംഘടിപ്പിക്കൽ | 2 മാസം | സബ്ജക്ട് കൗൺസിൽ , പി.ടി.എ | 3000 | സർഗ്ഗാത്മകത സൃഷ്ടിപരത |
| അറബിക് കോർണർ | സ്ഥലം നിശ്ചയിക്കൽ, ബോർഡ് സ്ഥാപിക്കൽ, ആകർഷിക്കൽ, ചോദ്യാവലികളുടെ പ്രദർശനം, സമ്മാനാർഹരെ ആദരിക്കൽ | 3 മാസം | സബ്ജക്ട് കൗൺസിൽ , പി.ടി.എ | 3000 | സർഗ്ഗാത്മകത സൃഷ്ടിപരത |

Scanned with OKEN Scanner

# അക്കാഡമിക് മാസ്റ്റർ പ്ലാൻ–ഉർദു 2024-25
## ജി.എച്ച്.എസ്. അഞ്ചച്ചവിടി
## UP&HS

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|---|
| 1. | പഢേം ലിഖേം ആസാനീസെ | • എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ അക്ഷരത്തെറ്റ് കൂടാതെ എഴുതാനും ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും ശേഷികൈവരിക്കുന്നതിന് | • ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി അക്ഷര പദ കാർഡുകളുടെ സഹായത്താൽ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കുന്നു.<br>• പദ ചിത്ര കാർഡുകൾ വായിച്ച് അനുയോജ്യമായ യോജിപ്പിക്കുന്നു. ചിത്രങ്ങളുടെ സഹായത്താൽ വാക്യങ്ങൾ നിർമ്മിച്ച എഴുതുന്നു. അവ വായിക്കുന്നു.<br>• കൊച്ചു കഥകളും കവിതകളും വിവരണങ്ങളും വായിക്കുന്നു. പകർത്തി എഴുതുന്നു. | ജൂൺ ജൂലൈ ആഗസ്റ്റ് | 5,6,7,8 | Urdu Teacher | 500 |
| 2. | സുരേലി ഉറ്ദു | • പ്രൈമറി സെക്കൻഡറി തലങ്ങളിലെ പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന പഠന | • കൂട്ടുകാരോടും അധ്യാപകരോടും ഉറ്ദുവിൽ സംസാരിക്കാം.<br>• എല്ലാദിവസവും ചിന്താവിഷയം / | Monthly | 6 to 10 | Urdu Teacher | 500 |

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| | | നേട്ടങ്ങൾ സ്വായത്തമാക്കുന്നതിന് പിന്തുണയേകുന്ന പ്രവർത്തനങ്ങളുടെ സഹായത്താൽ വിദ്യാർത്ഥികളുടെ ഭാഷാശേഷികൾ പരിപോഷിപ്പിക്കുന്നതിന്. | ചിന്തോദ്ദീപങ്ങളായ കാവ്യ ഈരടികൾ കണ്ടെത്തി പ്രദർശിപ്പിക്കുന്നു.<br>• വിദ്യാലയത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളുടെ വാർത്തകൾ തയ്യാറാക്കി ചുമർപത്രം നിർമ്മിക്കുന്നു. | | | | |
| 3. | ബസ്മേ അദബ് | • സർഗാത്മക കഴിവ് പരിപോഷിപ്പിക്കുന്നതിന്. | • ഗസൽ ആലാപനം, പദ്യം ചൊല്ലൽ, പ്രസംഗം സ്കിറ്റ് അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.<br>• കഥ ,കവിത, ഉപന്യാസ രചനക്കായി പ്രത്യേക ശില്പശാല സംഘടിപ്പിക്കുന്നു. | Every 2 Months | UP/ HS | Urdu Teacher | |
| 4. | ഖുശ് നവേസി | • ഉറുദു കാലിഗ്രാഫി കലയിൽ പരിശീലനം നൽകുന്നതിന്.<br>• കയ്യെഴുത്ത് പരിപോഷിപ്പിക്കുന്നതിന്. | • ഉറുദു കാലിഗ്രാഫി ശില്പശാല സംഘടിപ്പിച്ച് താല്പര്യമുള്ളവരെ കണ്ടെത്തുന്നു.കൃത്യമായ പരിശീലനം നൽകുന്നു.<br>• കാലിഗ്രാഫി മത്സരം,കയ്യെഴുത്ത് മത്സരം സംഘടിപ്പിക്കുന്നു.<br>• ചുമർപത്രം, പോസ്റ്റർ, പ്ലക്കാർഡ് എന്നിവയുടെ നിർമ്മാണത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ജൂലായ് | 7 to 10 | Urdu Teacher<br>RP | 500 |
| 5. | ഡിജിറ്റൽ ഉറുദു | • ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പഠനം രസകരവും ഫലപ്രദവും ആക്കുന്നതിന്.<br>• ഉറുദു ടൈപ്പിംഗ് പരിശീലനം | • ഉറുദുഭാഷാ പഠനത്തിൽ സഹായിക്കുന്ന ആൻഡ്രോയിഡ് ആപ്പുകൾ പരിചയപ്പെടുത്തുന്നു.<br>• ഉറുദു വിജ്ഞാന ശേഖരങ്ങൾ ആയ വെബ്സൈറ്റുകൾ പരിചയപ്പെടുത്തുന്നു. | ആഗസ്റ്റ് | UP/HS | Urdu Teacher | 1000 |

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| | | നൽകുക വഴി ഡിടിപി തൊഴിൽ സാധ്യത ആക്കം കൂട്ടുന്നതിന്. | • ഉറുദു കീബോർഡ് പരിചയപ്പെടുത്തുന്നു. പ്രയോഗ പരിശീലനം നൽകുന്നു.<br>• സ്വയംപാഠനോൽപന്നങ്ങൾ ടൈപ്പ് ചെയ്തു ഡിജിറ്റലൈസ് ചെയ്യുന്നു.<br>• ഡിജിറ്റൽ പോസ്റ്ററുകളും പ്ലക്കാർഡുകളും നിർമ്മിക്കുന്നു.<br>• കുട്ടികൾ സ്വയം രചനകൾ ടൈപ്പ് ചെയ്തു മാഗസിൻ നിർമ്മിക്കുന്നു. | | | | |
| 6. | ദിനാചരണങ്ങൾ/ ഉറുദുദിനം | • സർഗാത്മക കഴിവ് പ്രകടിപ്പിക്കുന്നതിനായി ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന്. | • ടാലന്റ് പരീക്ഷ സംഘടിപ്പിക്കുന്നു.<br>• ക്വിസ് മത്സരം<br>• വായന മത്സരം, കയ്യെഴുത്ത് മത്സരം<br>• പോസ്റ്റർ നിർമാണ മത്സരം,<br>• ചിത്ര വായന മത്സരം, പദപ്പയറ്റ്<br>• കഥ, കവിത ഉപന്യാസം മത്സരം,<br>• ഡിജിറ്റൽ പോസ്റ്റർ മേക്കിങ് | നവംബർ<br>ജൂൺ<br>സപ്തംബർ | UP/HS | Urdu Teacher | 3000 |
| 7. | ഉറുദു ഫെസ്റ്റ് | • മോട്ടിവേഷൻ ക്ലാസ്സ് ,<br>• പ്രതിഭകളെ ആദരിക്കൽ<br>• പൂർവ്വ വിദ്യാർത്ഥി സംഗമം<br>• ഗസൽ വിരുന്ന്.<br>• വിവിധ മത്സര വിജയികളെ ആദരിക്കൽ. | • പഠനം രസകരമാക്കാനും, താല്പര്യ വർദ്ധിപ്പിക്കുന്നതിനും മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിക്കുന്നു.<br>• വിവിധ സ്പോട്ട് മത്സരങ്ങൾ<br>• സംഘടിപ്പിക്കുന്നു.<br>• ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ വിവിധ മത്സര വിജയികളെ ആദരിക്കുന്നു. | ഡിസംബർ | UP/HS | Urdu Teacher/ PTA | 30000 |

Scanned with OKEN Scanner

## മേഖല: യു.പി ബേസിക് സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി.കം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. ലളിതമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങളുടെ അവതരണം പരീക്ഷണങ്ങൾ പൊതു സമൂഹത്തിനായി പ്രയോജനപ്പെടുത്തൽ | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് | പി.ടി.എ |
| | 2. സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് | |
| | 3. ഗവേഷണാത്മക പ്രൊജക്ട് ഏറ്റെടുത്തുള്ള പഠനം ബൈബ സർവ്വേ അഭിമുഖം, നിരീക്ഷണം, സന്ദർശനം | വർഷത്തിൽ ആവശ്യ സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ |
| ശാസ്ത്രമേള കളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്നവർക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ |
| ശാസ്ത്ര ലാബ് കലാനുസൃതമായി നവീകരിക്കൽ | സയൻസിന്റെ വിവിധ മേഖലകൾക്ക് അനുസരിച്ച് വസ്തുക്കളുടെ ക്രമീകരണം ഉപകരണങ്ങൾ പ്രത്യേകം ക്രമീകരിക്കൽ | 1 മാസം | സയൻസ് ടീച്ചേഴ്സ് | |
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേകം പരിശീലനം | അധ്യാപകർ–കുട്ടി, കുട്ടി–കുട്ടി എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | എസ്.ആർ.ജി, സയൻസ് ടീച്ചർ, ഐ.ഇ.ഡി ടീച്ചർ | |
| ശാസ്ത്രമാസിക/ ശാസ്ത്രപ്പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായി അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉൾപ്പെടുത്തി ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | എസ്.ആർ.ജി, സയൻസ് ടീച്ചർ | |
| മോഡൽ നിർമ്മാണം (ശില്പശാല) | പഠനോപകരണങ്ങളായി ഉപയോഗിക്കാവുന്നവയുടെ നിർമ്മാണവും പ്രദർശനവും | 1 മാസം | എസ്.ആർ.ജി, സയൻസ് ക്ലബ്ബ് | |
| ജൈവോദ്യാനം/ ശലഭോദ്യാനം നിർമ്മിക്കൽ | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരു ജൈവവൈവിധ്യ പാർക്ക്/ ശലഭോദ്യാനം നിർമ്മിക്കൽ | 3 മാസം | സയൻസ് ക്ലബ്ബ്, നല്ലപാഠം/എസ്സി.ക്ലബ്ബ് | |
| ഫീൽഡ് ട്രിപ്പ് നൽകൽ | അനുഭവത്തിലൂടെ പഠനം സാധ്യമാക്കൽ,ഭിന്ന നിലവാരക്കാരായ കുട്ടികൾക്ക് മെച്ചമായ സന്ദർഭം 1. മധുമല water treatment plant സന്ദർശനം<br>2. ആനക്കയം Cashew Reserch Station Visit | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് | പി.ടി.എ |

Scanned with OKEN Scanner

## മേഖല: യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. അതുപോലെ വായിക്കാനും എഴുതാനുമുള്ള ശേഷി വികസനം | Give me your attention: ലളിതവും രസകരവുമായ ഇംഗ്ലീഷ് വീഡിയോസ് (കാർട്ടൂൺ, ചിത്രകഥകൾ, മുതലായവ) കുട്ടികൾക്ക് കാണിച്ചുകൊടുക്കുന്നു. സംഭാഷണം ശ്രദ്ധിക്കാൻ പറയുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനിയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട അധ്യാപിക | |
| | Who am I ? :-അധ്യാപിക ഒരു ബോക്സിൽ വിവിധ വസ്തുക്കളുടെ പേരെഴുതി വെക്കുന്നു. അതിനുശേഷം ഓരോ കുട്ടിയോടും അതിൽ നിന്ന് ഒരു സ്ലിപ്പ് എടുക്കാനും അതിനെ ക്കുറിച്ച് വർണ്ണിക്കാനും പറയുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | മസത്തിലൊരു തവണ | ബന്ധപ്പെട്ട അധ്യാപിക | |
| | -ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുക | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട അധ്യാപിക | |
| | -ഇംഗ്ലീഷ് ക്ലബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br>ഇംഗ്ലീഷ് സ്കിറ്റ്, story telling, poem recitation തുടങ്ങിയവ സംഘടിപ്പിക്കൽ | ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി | |
| | -മാസത്തിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസ്സിനും ചുമതല | മാസത്തിൽ ഓരിക്കൽ | ക്ലാസ് ടീച്ചർ | |
| | -പാഠഭാഗത്തെ ആസ്പദമാക്കി സ്കിറ്റ് രചിക്കുക, അവതരിപ്പിക്കുക | | ഇംഗ്ലീഷ് ടീച്ചർ | |
| | -ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 6 മാസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ |
| | -ഇംഗ്ലീഷ് ലൈബ്രറി നവീകരിക്കൽ<br>-ഇംഗ്ലീഷ് ന്യൂസ്പേപ്പർ റീഡിംഗ് | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മകശേഷി വികസനം | – ഇംഗ്ലീഷ് കഥ, കവിത, script writing-രചനാക്യാമ്പ് | 3 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മകശേഷി വികസനം | -മാസത്തിലൊരിക്കൽ അധ്യാപിക കുട്ടികളുടെ നിലവാരത്തിനനു യോജ്യമായ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. അതി നുശേഷം ആ പുസ്തകത്തെ പ്പറ്റിയുള്ള വായനാക്കുറിപ്പ് തയ്യാറാക്കു കയും ക്ലാസിൽ പങ്കുവെക്കുകയും ചെയ്യുന്നു. | മാസത്തിൽ ഓരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | |
| | -ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുക | വർഷത്തിൽ ഒരുതവണ | | |
| | -ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളിൽ ഇംഗ്ലീഷ് സ്പീച്ച് അവതരിപ്പിക്കാനുള്ള അവസരം നൽകുക - കുട്ടികളുടെ കമ്മ്യൂണിക്കേഷൻ സ്കിൽ വളർത്തുന്നതിനായി വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു | വർഷത്തിൽ 3 തവണ | Professional Experts | പി.ടി.എ |

## യു.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5 വർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിനു വിരാമം | സ്കൂൾ സിലബസിന് പുറമേ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ദരിൽ നിന്നും പരിശീലനം | അവധിക്കാലം | പി.ടി.എ, എച്ച്.എം | രക്ഷിതാക്കൾ |

### മേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം പഠിതാക്കൾ അവരുടെ അവധിക്കാലം അനുഭവങ്ങൾ വിവിധ വ്യവഹാരത്തിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു) ഭാഷാകേളി<br>-അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വദനം എന്നിവ വളർത്തുന്നു. വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് - അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളും നിർമ്മാണം | ജൂൺ | അധ്യാപകർ | പി.ടി.എ |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാർത്തലോകത്തേക്ക് പത്രം, ആഴ്ചപ്പതിപ്പ്, മാസികൾ എന്നിവ പഠിതാക്കൾ വായിക്കുകയും, പ്രതികരണ ശേഷി ഉണർത്തുകയും ചെയ്യുന്നു. | ഒരു മാസം | അധ്യാപകർ, കുട്ടികൾ | പി.ടി.എ |
| കുട്ടിയിൽ സർഗ്ഗാത്മകതയും ആത്മവിശ്വാസവും വളർത്തുക | കുട്ടിയിൽ സ്കൂൾ എഫ്.എം സ്ഥാപിക്കുന്നു. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് അവർക്ക് ഇഷ്ടമുള്ള പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു | ഓരോ ആഴ്ചയിലും | കുട്ടികൾ | പി.ടി.എ,എച്ച്.എം |
| കുട്ടികളുടെ ഭാഷാ നൈപുണികൾ വികസിപ്പിക്കുന്നതിനായി വായാനാ മൂലം സ്ഥാപിക്കുക | കുട്ടികൾക്ക് പുസ്തകങ്ങൾ നൽശി ആസ്വദനക്കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുകയും മികച്ച കുറിപ്പുകൾക്ക് സമ്മാനങ്ങൾ നൽശുകയും ചെയ്യുന്നു | എല്ലാ ദിവസവും | അധ്യാപകർ, കുട്ടികൾ | പി.ടി.എ,എച്ച്.എം.അധ്യാപകർ, കുട്ടികൾ |
| മലയാള ഭാഷയെയും ചരിത്രത്തെയും കുറിച്ചുള്ള അവബോധം ഉണ്ടാക്കിയെടുക്കുന്നു | പഠനയാത്രകൾ സംഘടിപ്പിക്കുക(കലാമണ്ഡലം, തുഞ്ചൻ പറമ്പ്) | നവംബർ | അധ്യാപകർ, പി.ടി.എ | |

| മേഖല: യു.പി ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.( നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, മുത്തുകൾ...... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികസനവും | വിവിധ രൂപങ്ങൾ (ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം) നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ, ഗണിതക്ലബ് അംഗങ്ങൾ | |
